# എൻഡോസൾഫാൻ: 97 രോഗികൾക്ക് ഓപ്പറേഷൻ സംവിധാനം

കാസർകോട്: എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്ന 97 രോഗികൾക്ക് ഓപ്പറേഷൻ നടത്തുന്നതിന് സംവിധാനമൊരുക്കി.

എൻഡോസൾഫാൻ സമഗ്ര പാക്കേജ് നടത്തിപ്പിനായി രൂപീകരിച്ച വിക്ടിംസ് റിലീഫ് ആന്റ് റമഡിയേഷൻ സെൽ' യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ നിന്നായി തിരഞ്ഞെടുത്ത രോഗികളെ ഏപ്രിൽ 17 മുതൽ 20 വരെയുള്ള തിയതികളിൽ മംഗലാപുരത്തെ കസ്തൂർബാ മെഡിക്കൽ കോളേജിൽ കൊണ്ടുപോകും. പതിനഞ്ചുപേരെ വീതമാണ് കൊണ്ടുപോകുന്നത്.

എൻഡോസൾഫാൻ മൂലം കഷ്ടപ്പെടുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. മരുന്നില്ലാത്ത അവസ്ഥ ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തിയതായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എം.വി. ബാലകൃഷ്ണൻ മാസ്റ്റർ അറിയിച്ചു.

എൻഡോസൾഫാൻ സെല്ലിന് സർക്കാർ അംഗീകാരം ലഭിച്ചതായും അദ്ദേഹം അറിയിച്ചു.

സെല്ലിന്റെ ഇംപ്ലിമെന്റിങ് ഓഫീസറായി ജില്ലാ മെഡിക്കൽ ഓഫീസറെ (ആരോഗ്യം) യോഗം നിയോഗിച്ചു. 97 രോഗികളുടെ ആസ്പത്രി ചെലവിനും ഓപ്പറേഷനും വേണ്ടിമാത്രം 27 ലക്ഷത്തിലേറെ രൂപ വിനിയോഗിക്കേണ്ടിവരും. എൻഡോസൾഫാൻ രോഗികളുടെ ചികിത്സക്കായി സർക്കാർ അനുവദിച്ചത് അമ്പതുലക്ഷം രൂപയാണ്. ഇതിൽ മുപ്പത്തിയേഴര ലക്ഷമാണ് രോഗികളുടെ ചികിത്സക്കായി വിനിയോഗിക്കേണ്ടത്. പത്തു ലക്ഷം രൂപ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കും രണ്ടരലക്ഷം രൂപ സംഘാടന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കും.

ദുരിതമനുഭവിക്കുന്ന കൂടുതൽ പേരെ സഹായിക്കുന്നതിന് ഉദാരമതികളുടെ സഹായം തേടാനും സെൽ യോഗം തീരുമാനിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയോടെ ദുരിതബാധിതർക്ക് ആശ്വാസമേകാനുള്ള നടപടികൾ ത്വരിതപ്പെടുത്താനും യോഗം നിർദ്ദേശിച്ചു.

എ.ഡി.എം. ടി.വി. ഗംഗാധരൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് മുഹമ്മദ് മുബാറാക്ക് ഹാജി, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാന്മാരായ പി.എ. അഷ്റഫലി, എം. നാരായണൻ മാസ്റ്റർ, സെക്രട്ടറി ടി.വി. രാഘവൻ, ജില്ലാ പ്ലാനിങ് ഓഫീസർ ഡി. പ്രശാന്ത്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പി.വി. അബ്ദുല്ല, സെൽ കോ.ഓർഡിനേറ്റർ എം. മാധവൻ നമ്പ്യാർ എന്നിവരും ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ടുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരും സംബന്ധിച്ചു.